## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**<u>നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 5329 01.07.2019-ൽ മറുപടിക്ക്</u>**

**ജി.എസ്. ടി. നടപ്പിലാക്കിയതോടെ നികുതി ചോർച്ച**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.പാറക്കൽ അബ്ദുല്ല** | **ഡോ. ടി.എം. തോമസ് ഐസക്ക് (ധനകാര്യവും കയറും വകുപ്പ് മന്ത്രി)** |
| (എ) ജി. എസ്.ടി. നടപ്പിലാക്കിയതോടെ സ്വർണ്ണ വ്യാപാര രംഗത്ത് 200 കോടിയിലധികം രൂപയുടെ നികുതി നഷ്ടം ഉണ്ടായതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ജി.എസ്.ടി നടപ്പാക്കിയതോടെ സ്വർണ്ണ വില്പനയിൽ കേരളത്തിനു ലഭിക്കുന്ന നികുതിയിൽ (എസ്.ജി.എസ്.ടി) കുറവ് വന്നിട്ടുണ്ട്. |
| (ബി) എങ്കിൽ എന്താണ് ഇത്രയും വലിയ നികുതി ചോർച്ചക്ക് കാരണമായി സർക്കാർ കാണുന്ന സാഹചര്യങ്ങൾ; ഇത് പരിഹരിക്കാൻ എന്തൊക്കെ അടിയന്തര നടപടികൾ കൈക്കൊള്ളുമെന്നറിയിക്കുമോ; | (ബി) വാറ്റ് കാലഘട്ടത്തിൽ സ്വർണ്ണത്തിന് കോമ്പൗണ്ടിംഗ് സമ്പ്രദായം വഴിയാണ് നികുതി ഈടാക്കിയിരുന്നത്. മുൻ വർഷങ്ങളിൽ അടച്ചിരുന്ന നികുതിയുടെ നിശ്ചിത ശതമാനം കൂട്ടിയായിരുന്നു കോമ്പോസിഷൻ സ്കീം തുക നിശ്ചയിച്ചിരുന്നത്. കോമ്പോസിഷൻ സ്കീം സ്വീകരിച്ചവർക്ക് സ്വർണ്ണം വാങ്ങിയ ഘട്ടത്തിൽ നൽകിയ നികുതിയും ഇൻപുട്ട് ടാക്സ് ക്രെഡിറ്റും ലഭ്യമായിരുന്നില്ല. കോമ്പോസിഷൻ സ്കീമിൽ ഉൾപ്പെടാതിരുന്ന വ്യാപാരികൾക്ക് 5 ശതമാനം നികുതിയാണ് അടച്ചിരുന്നത്. എന്നാൽ ജി. എസ്.ടി. യിൽ നികുതി നിരക്ക് 3% ആയി കുറയുകയുണ്ടായി. അതിന്റെ പകുതി മാത്രമേ സംസ്ഥാന സർക്കാരിന് ലഭ്യമാകുകയുള്ളു. കൂടാതെ സ്വർണ്ണം വാങ്ങുന്ന ഘട്ടത്തിൽ കൊടുത്ത ഇൻപുട്ട് ടാക്സ് ക്രെഡിറ്റിന്റെ ആനുകൂല്യവും ലഭ്യമാകുന്നതാണ്. ഈ കാരണങ്ങളാൽ നികുതി നഷ്ടം ഉണ്ടായിട്ടുണ്ട്. സ്വർണ്ണാഭരണങ്ങൾ കൊണ്ടുപോകുന്നതിന് ഇ-വേ ബിൽ ആവശ്യമില്ലാത്തതിനാൽ നികുതി ചോർച്ചയ്ക്ക് ഇടവരുത്തിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | സംസ്ഥാനത്തേക്കുള്ള ഉൽപ്പന്നങ്ങളിൽ 80 ശതമാനവും ഇതര സംസ്ഥാനങ്ങളിൽ നിന്ന് വരുന്നതിനാൽ അതിർത്തി ചെക്ക് പോസ്റ്റുകളിൽ പരിശോധന ശക്തമാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കാമോ; | (സി) | ജി. എസ്.ടി. സംവിധാനം നടപ്പിലാക്കിയതിനാൽ അതിർത്തി ചെക്ക് പോസ്റ്റ് സംവിധാനം നിർത്തലാക്കേണ്ടി വന്നു. ഈ സാഹചര്യത്തിൽ അന്യ സംസ്ഥാനങ്ങളിൽ നിന്ന് കേരളത്തിലേയ്ക്ക് വരുന്ന ചരക്ക് നീക്കം നിരീക്ഷിക്കുന്നതിനായി ബദൽ സംവിധാനം എന്ന നിലയിൽ സംസ്ഥാന ജി.എസ്.ടി വകുപ്പിന്റെ ഇന്റലിജൻസ് സംവിധാനം ശക്തിപ്പെടുത്തുകയും പ്രധാന അതിർത്തികളിൽ 24 മണിക്കൂറും വാഹന പരിശോധനയും ഇ-വേ ബിൽ പരിശോധനയുമായി സർവൈലൻസ് സ്ക്വാഡുകളെ ഷിഫ്റ്റ് സമ്പ്രദായത്തിൽ നിയോഗിക്കുകയും ചെയ്തിട്ടുണ്ട്. |
| (ഡി) | കട പരിശോധന, വാർഷിക റിട്ടേൺ സമർപ്പണം എന്നിവ സമയബന്ധിതമായി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ? | (ഡി) | നികുതി വെട്ടിപ്പ് ശ്രദ്ധയിൽപ്പെടുന്ന മുറയ്ക്ക് ഇന്റലിജൻസ് വിഭാഗത്തിന്റെ നേതൃത്വത്തിൽ വെട്ടിപ്പ് കണ്ടെത്തുന്നതിനായി കട പരിശോധനകൾ കൃത്യമായി നടത്തി വരുന്നുണ്ട്. കൂടാതെ കള്ളക്കടത്തും നികുതി വെട്ടിച്ചുള്ള ചരക്ക് നീക്കവും കൂടുതൽ ഫലപ്രദമായി നിയന്ത്രിക്കുന്നതിന് വേണ്ടി നിരീക്ഷണ ക്യാമറകളും എ.എൻ.പി. ആർ സംവിധാനവും നടപ്പിലാക്കുന്നതിന് മുന്നോടിയായി വാളയാറിൽ പരീക്ഷണ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**